Reg. No.: ...............................

Name : ..................................

**II Semester M.A. Degree (C.B.S.S. – Reg./Supple./Imp.)**
**Examination, April 2022**
**(2018 Admission Onwards)**
**MALAYALAM LANGUAGE AND LITERATURE**
**MAL E06 : Eminent Writer – Kumaranasan**

Time : 3 Hours Max. Marks : 80

I. **ഒന്നു** മുതൽ **അഞ്ചു**വരെ ചോദ്യങ്ങൾക്ക് **രണ്ടു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1) ദുരവസ്ഥ എന്ന ശീർഷകത്തിന്റെ താത്പര്യം വിശദമാക്കുക.

2) 'അവനിവാഴ്‌വു കിനാവു കഷ്ടം' എന്ന നിരീക്ഷണത്തിലെ ദാർശനികത പരിശോധിക്കുക.

3) ശ്രീബുദ്ധചരിതം പരിഭാഷയിൽ കുമാരനാശാൻ സ്വീകരിച്ച തത്ത്വങ്ങളെന്തെല്ലാം ?

4) ചിന്തിച്ചിളങ്കാറ്റുതൻ നിസ്വനത്താ –
ലെന്തോന്നുരയ്ക്കുന്നു നീ ? –
"എന്താതനാം ദേവനോതുന്നതേ ഞാ –
നെന്താകിലും ചെയ്യു"വെന്നല്ലയല്ലീ ? – വ്യാഖ്യാനിക്കുക.

5) ചിത്രയോഗനിരൂപണത്തിൽ കുമാരനാശാൻ ഉന്നയിക്കുന്ന വാദമുഖങ്ങളെന്തെല്ലാം ? (5×4=20)

**ആറു** മുതൽ **പത്തു**വരെയുള്ള ചോദ്യങ്ങൾക്ക് **നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

6) a) ഒരു തീയക്കുട്ടിയുടെ വിചാരം എന്ന രചനയുടെ സാമൂഹിക പ്രാധാന്യമെന്ത് ? വിശദമാക്കുക.

**അല്ലെങ്കിൽ**

b) 'ജനമൊക്കെയുമസ്വതന്ത്രരാം' എന്ന പ്രസ്താവം ഒരു സിംഹപ്രസവം എന്ന ലഘുകാവ്യത്തിന്റെ വായനയെ വിസ്തൃതമാക്കുന്നതെങ്ങനെ ? വിശദമാക്കുക.

7) a) നളിനീകാവ്യത്തിലെ നായകന് പേരില്ലെന്ന എം. കൃഷ്ണൻ നായരുടെ പ്രസ്താവന എത്രത്തോളം സാധുവാണ് ? പരിശോധിക്കുക.

**അല്ലെങ്കിൽ**

b) ചിന്താവിഷ്ടയായ സീതയെ ബോധധാരാ രചന എന്നു വിളിക്കാമോ ? സ്വമതം സ്ഥാപിക്കുക.

P.T.O.



8) a) കുമാരനാശാന്റെ തർജ്ജമകൾ സാമാന്യമായി പരിചയപ്പെടുത്തുക.

**അല്ലെങ്കിൽ**

b) ശ്രീബുദ്ധചരിതം പരിഭാഷയെ നിർണയിച്ച സാമൂഹിക ഘടകങ്ങൾ കണ്ടെത്തുക.

9) a) മിന്നാമിനുങ്ങ് എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

**അല്ലെങ്കിൽ**

b) വെള്ളമേഘശകലങ്ങളാം നുര –
തള്ളിച്ചുകൊണ്ടു ദേവകൾ വിണ്ണാകും
വെള്ളത്തിൽ വിളയാടിത്തുഴഞ്ഞു പോം
വെള്ളിയോടമിതെന്നു തോന്നീടുന്നു !
താത്പര്യം വിശദമാക്കുക.

10) a) രാമായണകഥ വിനിമയം ചെയ്യുന്നതിൽ ബാലരാമായണം വിജയിച്ചിട്ടുണ്ടോ ? ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

b) രുഗ്മാംഗദചരിതത്തിൽ കുമാരനാശാൻ കണ്ടെത്തുന്ന മികവുകളെന്തെല്ലാം ? (5×6=30)

III. **പതിനൊന്നു** മുതൽ **പതിമൂന്നു**വരെയുള്ള ചോദ്യങ്ങൾക്ക് **ആറു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

11) a) കുമാരനാശാൻ കവിതകളിലെ സ്ത്രീപക്ഷ സമീപനങ്ങൾ വിമർശനദൃഷ്ട്യാ പരിശോധിക്കുക.

**അല്ലെങ്കിൽ**

b) ആശാന്റെ ബാലകവിതകൾ കുട്ടികൾക്കുള്ള പ്രാഥമിക സൗന്ദര്യാത്മക ശിക്ഷണങ്ങളാണ്. നിരൂപിക്കുക.

12) a) വിവർത്തകനായ ആശാനെ സ്വാതന്ത്ര്യവാദിയായ ആശാൻ മറികടക്കുന്നതെങ്ങനെ ? പാഠഭാഗങ്ങളെ ആസ്പദമാക്കി വിശദമാക്കുക.

**അല്ലെങ്കിൽ**

b) വിമർശകനായ കുമാരനാശാന്റെ ബലാബലങ്ങൾ പരിശോധിക്കുക.

13) a) താൻകൂടി ഭാഗമായ സാമൂഹികജീവിത പ്രകരണത്തെ കുമാരനാശാൻ സർഗാത്മകമായി പരുവപ്പെടുത്തുന്നതെങ്ങനെ ? വിശദമാക്കുക.

**അല്ലെങ്കിൽ**

b) കുമാരനാശാന്റെ സിദ്ധി സാമൂഹികതയുടെ ബലിഷ്ഠതയിൽ നിന്നു പൊട്ടിവിരിയുന്ന പരസ്നേഹമാണ്. നിരൂപിക്കുക (3×10=30)

---